## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4582** **26.10.2016-ൽ മറുപടിയ്ക്ക്**

### വലിയക്കാല - ചാത്തൻകോട് ആദിവാസി മേഖലയിൽ ഹാംലറ്റ് പദ്ധതി

**ചോദ്യം**
ശ്രീ.കെ.എസ്.ശബരീനാഥൻ

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ആദിവാസികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കും വികസനത്തിനുമായി ഹാംലറ്റ് പദ്ധതി പ്രകാരം അനുവദിയ്ക്കുന്ന തുക വിനിയോഗിക്കുന്നതിന്റെ പൊതു മാനദണ്ഡം എന്താണ്; ഇതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ; | എ) | ഹാംലെറ്റ് വികസന പദ്ധതിയിൽ തെരഞ്ഞെടുത്ത സങ്കേതങ്ങളിൽ ഓരോ കോടി രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. ഹാംലെറ്റ് വികസന പദ്ധതി നടപ്പിലാക്കുന്നതിന് 27.12.2013-ലെ സ.ഉ(എം.എസ്)നം.107/2013/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| ബി) | വിതുര ഗ്രാമപഞ്ചായത്തിലെ ആദിവാസി മേഖലയായ വലിയക്കാല - ചാത്തൻകോട് മേഖലയിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് അനുവദിച്ചിട്ടുള്ളത്; | ബി) | ഉണ്ട്. വലിയകാല പട്ടികവർഗ്ഗ സങ്കേതത്തിൽ മൂന്നു പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഒരു കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും ഇതിൽ ആദ്യ ഗഡുവായി 20,00,000/-രൂപ (ഇരുപത് ലക്ഷം രൂപ മാത്രം) 29.03.2016-ന് പദ്ധതി നിർവ്വഹണ ഏജൻസിയായ വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നെടുമങ്ങാട് പ്രോജക്ട് ഓഫീസർ അനുവദിച്ച നൽകുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഇതോടനുബന്ധിച്ച് ആദിവാസി ഊരു കൂട്ടത്തിന്റെ തീരുമാനം എന്നാണ് എടുത്തിട്ടുള്ളതെന്നും തീരുമാനങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ ; | സി) | ഇതിലേക്കായി ബഹു.അരുവിക്കര എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ 17.07.2015-ന് സ്പെഷ്യൽ ഊരുകൂട്ടം കൂടിയിട്ടുള്ളതാണ്. പ്രസ്തുത ഊരുകൂട്ട തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. റോഡ് നിർമ്മാണം<br>2. ആനക്കിടങ്ങ് നിർമ്മാണം<br>3. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണവും അനുബന്ധ ക്രമീകരണങ്ങളും<br>4. റോഡിന്റെ നിർമ്മാണത്തിനും ഗതാഗത യോഗ്യമാക്കുന്നതിനും വനം വകുപ്പിന്റെ അനുമതി വാങ്ങാൻ തീരുമാനിച്ചു.<br>5. സോളാർ ഫെൻസിംഗ് നിർമ്മാണത്തിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.<br>6. പദ്ധതി നിർവ്വഹണത്തിനായി വെള്ളനാട് ബ്ലോക്ക് പഞ്ചായത്തിനെ ചുമതല പ്പെടുത്താൻ തീരുമാനിച്ചു. |
| ഡി) | ആദിവാസി ഊരു കൂട്ടത്തിന്റെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ എന്ത് തുടർനടപടികൾ സ്വീകരിച്ചു; ഇതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ; | ഡി) | ഊരുകൂട്ട തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന 3 പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.<br>1. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണവും അനുബന്ധ ക്രമീകരണവും : 25 ലക്ഷം രൂപ<br>2. ആനക്കിടങ്ങ് നിർമ്മാണം : 25 ലക്ഷം രൂപ<br>3. റോഡ് നിർമ്മാണം : 50 ലക്ഷം രൂപ<br><br>റോഡ് നിർമ്മാണം ആരംഭിച്ച അവസരത്തിൽ ടി സങ്കേതത്തിൽ മുഴുവനായും സഞ്ചാരയോഗ്യമായ റോഡ് വേണമെന്ന സങ്കേത നിവാസികളുടെ ആവശ്യത്തെ തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റ് |

| | | | |
|---|---|---|---|
| | | | തയ്യാറാക്കേണ്ടി വന്നതിനാൽ പദ്ധതി നടത്തിപ്പിന് കാലതാമസം നേരിട്ടിട്ടുണ്ട്. |
| ഇ) | ആദിവാസി ഊരു കൂട്ടത്തിന്റെ തീരുമാനത്തിന് പകരമായി മറ്റ് പദ്ധതികൾ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള കാരണം വിശദമാക്കുമോ? | ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**